സി. രാധാകൃഷ്ണൻ

# അമേരിക്കയിൽ ഉള്ളതും ഇല്ലാത്തതും

ഇക്കാലത്ത് ആരും പോകാത്തതൊ ആർക്കും പോകാനാവാത്തതൊ ആയി ഒരിടവും ഭൂമിയിലെങ്ങുമില്ലല്ലൊ. അതിനാൽ യാത്രാവിവരണങ്ങൾ മിക്കവാറും അപ്രസക്തങ്ങളായിട്ടുണ്ട്. പക്ഷേ, കൂടു മാറി വളരെ അകലെ ചേക്കേറുമ്പോൾ ലോകത്തെയും തന്നെത്തന്നെയും പറ്റി പുതിയ തിരിച്ചറിവുകൾ ഉരുത്തിരിയുന്നു. വൈയക്തികങ്ങളാണ് ഇവ മിക്കതുമെങ്കിലും ആ കാരണത്താൽ ചിലത് പങ്കിടാവുന്നവയായി ഭവിക്കുന്നു. രസകരങ്ങളായ കാഴ്ചകൾ നൽകിയ ഒരു കണ്ണട കൈമാറുന്നപോലെ.

അമേരിക്കയിൽ രണ്ടാഴ്ചക്കാലം ചെലവിട്ടപ്പോൾ അനുഗ്രഹങ്ങളായി കിട്ടിയ അപൂർവഭാവങ്ങൾ ഇഴപിരിച്ചുനോക്കാമെന്നു തോന്നിയത് ഇതിനാലാണ്. കണ്ടതും അനുഭവിച്ചതും അയവിറക്കാനും, ഒപ്പം, കാണാത്തതൊക്കെ അതിനു പശ്ചാത്തലമാക്കാനും ശ്രമിക്കെ അപൂർവമായ ചിലത് വെളിവാകുന്നുണ്ട്.

അന്യനാടുകളും കാണണ്ടെ, തിരുമേനി, എന്നു ചോദിച്ച ഉത്സാഹിയായ അയൽകാരനോട് പണ്ടൊരു നമ്പൂതിരി ഉന്നയിച്ച മുട്ടുചോദ്യം, എവിടെയും കുറെ മനുഷ്യരും അവരുടെ ആലശീലങ്ങളും തന്നെയല്ലെ ഉള്ളൂ, പിന്നെന്തിനാടോ ആ പെടുമ്പാട്, എന്നാണല്ലൊ. ഇത് ആത്യന്തികമായി ശരിയാകാമെങ്കിലും തൊട്ടടുത്തുള്ള രണ്ടിടത്തെ ജീവിതങ്ങൾ തമ്മിൽപ്പോലും വിശദാംശങ്ങളിൽ വലിയ അന്തരം പുലരുന്നു. അതിനാലാണല്ലൊ, ചമ്രവട്ടത്തുള്ളത് പരപ്പനങ്ങാടിയിലും മറിച്ചും കാണാതിരിക്കുന്നത്.

അമേരിക്കയിലുള്ളവർ തല കീഴോട്ടായാണ് നടപ്പുമിരിപ്പുമെന്ന എൻെറ ധാരണ ഇന്നും മാറിയിട്ടില്ല. ഭൂമി ഉരുണ്ടതായതിനാൽ, എൻെറ തല മേലോട്ടാണെങ്കിൽ നേരെ മറുപുറത്തുള്ള ആളുകളുടെ തല കീഴോട്ടല്ലെ ആകൂ! അവിടെ ചെല്ലുമ്പോഴാകട്ടെ, തല കീഴോട്ടാണെന്നു തോന്നാറുമില്ല! ഇതുതന്നെ മായ എന്നാണ് മഹാകവി അക്കിത്തം ഇതു കേൾക്കെ ചിരിച്ചത്.

പക്ഷേ, രാവും പകലും തലകീഴായി മറിയുന്നത് തല മേലോട്ടല്ലാതാകുന്നതിനു സമംതന്നെ. ഗാഢനിദ്രയിലാകാറുള്ള നേരത്ത് സെറിമോണിയൽ ലഞ്ചും പ്രസംഗവും! എല്ലാരും ഉറങ്ങുന്നേരത്തൊ, നമുക്ക് ഉറക്കം വരില്ല, ചെയ്യാൻ ഒന്നുമൊട്ടില്ലതാനും!

മറ്റു ചിലതുകൂടി തലതിരിയാതെ ഇല്ല. ഉദാഹരണത്തിന്, ലോകത്തിൻെറ നാനാ മൂലകളിൽനിന്നും ആളുമാശയവും കുടിയേറിയ നാടായ കേരളത്തിൽ ആരെയും ഒരു കാലത്തും ആരും വിലക്കിയില്ലെന്നിരിക്കെ അമേരിക്കയിൽ ആദ്യമായി ചെന്ന ദിവസം എനിക്കു വല്ലാതെ മനോവിഷമം വേണ്ടിവന്നു. രണ്ടു പതിറ്റാണ്ടു മുമ്പത്തെ ആ സന്ദർഭം മറക്കാവതല്ല. വിമാനം എന്ന ആധുനകകോഴിക്കൂട്ടിൽ കാലും കൈയും ചുരുട്ടി പതിനഞ്ചു മണിക്കൂർ ഇരുന്നതിൽപ്പിന്നെ ആശ്വാസത്തോടെ നിലത്തിറങ്ങി പാസ്പോർട്ട് കൺട്രോളിൽ ചെന്നപ്പോൾ അവിടത്തെ അധികാരി എൻെറ കടലാസ്സുകളൊക്കെ നോക്കി എന്നോട് ചോദിച്ചത് നിങ്ങൾ എന്നാണ് തിരികെ പോവുക എന്നും പോകുമെന്നുറപ്പുണ്ടൊ എന്നുമാണ്. രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഞാൻ സമർപ്പിച്ച രേഖകളിൽ ഉണ്ടല്ലൊ എന്ന മറുപടി അദ്ദേഹത്തിന് ഇഷ്ടമായുമില്ല.

അനഭിമതനെ പടിപ്പുരക്കകത്തു കടത്താൻ ഇഷ്ടപ്പെടാത്ത മട്ടിൽ കല്പന വന്നു, നിങ്ങളുടെ നാക്കിൽനിന്നു കേൾക്കാനാണ് ചോദിച്ചത്.

ക്ഷീണത്തിനു പുറമെ സങ്കടംകൂടി ആയപ്പോൾ എൻെറ സ്വരം കുറച്ചൊന്നു പൊങ്ങി, എങ്കിൽ സത്യമായ ഒരു സംഗതി പറയാം, താങ്കൾ എന്നെങ്കിലും ഞങ്ങളുടെ നാട്ടിൽ വരികയാണെങ്കിൽ ഒരിക്കലും ഇതായിരിക്കില്ല ഞങ്ങൾ താങ്കളോടു ചോദിക്കുന്ന ആദ്യചോദ്യം!

ഇത്രയുമായപ്പോൾ അപ്പുറത്തെ സീറ്റിലെ പ്രായക്കൂടുതലുള്ള ഒരാൾ ഇടപെട്ട് എന്നോടു പറഞ്ഞു, ദാറ്റ്സാൾറൈറ്റ്, യു ആർ വെൽകം!

അദ്ദേഹത്തിൻെറ സ്വരത്തിന് അധികാരക്കൂടുതലിൻെറ കനമുണ്ടായിരുന്നു. മറിച്ചെന്തൊ പറയാൻ പുറപ്പെട്ട പുതുക്കക്കാര?നെ കൈയുയർത്തി അദ്ദേഹം തടഞ്ഞു, ഞാൻ യാന്ത്രികക്കടമ്പ പിന്നിടുന്നേരം അയാളെ ശാസിക്കുന്നതും കേട്ടു, നോ ജോൺ, ദാറ്റീസിൻറ് ഹൗ ദ സിസ്റ്റം വർക്സ്.

എൻെറ സഹയാത്രികനായ ഡോ കെ എം തരകൻ തൻറ ഊഴം കാത്ത് മഞ്ഞവരയുടെ അപ്പുറത്തു നിൽക്കെ, ഈ രംഗം കണ്ടും കേട്ടും മുഖം ചോരപ്പറങ്കിമാങ്ങപോലെ ചുവന്നു. പത്തൊമ്പതാംനൂറ്റാണ്ടിലെ ഇംഗ്ളീഷിൽ പ്രതികരിക്കുമെന്ന് ഞാൻ ഭയന്നു. യാത്രകൊണ്ട് വല്ലാതെ വശംകെട്ടതിനാലാവാം അതുണ്ടായില്ല.

ഫൊക്കാന എന്ന സംഘടനയുടെ കൺവെൻഷനിൽ പങ്കെടുക്കാൻ ന്യൂയോർക്കിൽ എത്തിയതായിരുന്നു ഞങ്ങൾ. ഈ അനുഭവം പക്ഷേ, പിന്നീട് രണ്ടു തവണ ചെന്നപ്പോഴും ഉണ്ടായില്ല. അന്ന് ഞങ്ങളെ മനോഹർ തോമസ്സിൻെറയും ജമിനിയുടെയും വീട്ടിലാണ് പാർപ്പിച്ചത്. അവരുടെ സ്നേഹത്തിൻെറ മാധുര്യം പതിറ്റാണ്ടുകൾക്കിപ്പുറവും മാറ്റു കുറയാതെ മനസ്സിലുണ്ട്. കൺവെൻഷൻ കഴിഞ്ഞ ഉടനെ തിരികെ പോന്നു. വാഷിങ്ടൺവരെ ഒന്നു പോയതൊഴികെ പുറംലോകം ഏറെയൊന്നും കാണുകയുണ്ടായില്ല. ചെറിയാൻ കെ ചെറിയാൻ എന്ന കവിയും ഇപ്പോൾ രാഷ്ട്രാന്തരീയ കാൻസർ സൊസൈറ്റിയുടെ ചെയർമാനായ ഡോ എം വി പിള്ള എന്ന അപൂർവപ്രതിഭയും സിഎംസി എന്ന പേരിലെഴുതുന്ന ഗദ്യകാരനുമുൾപ്പെടെ ഏതാനും സുകൃതികളെ അടുത്തറിയാൻ തരപ്പെട്ടത് പുണ്യം.

പിന്നെ ഇരുപതു കൊല്ലം കഴിഞ്ഞ് വീണ്ടും ചെല്ലുമ്പോഴേക്ക് അമേരിക്കയും ഞാനും കുറെ മാറി. അമേരിക്കയെ വായിച്ചറിയാൻ കുറച്ചുകൂടി സമയവും സാവകാശവും കിട്ടി. ഷിക്കാഗോവിലെ പരമശാന്തമായ ഒരു ഗ്രാമപ്രദേശത്ത് കുളപ്പുള്ളിക്കാരൻ രാധാകൃഷ്ണൻെറയും ആറാട്ടുപുഴക്കാരി ലക്ഷ്മിയുടെയും വീട്, പറഞ്ഞുപറഞ്ഞു തേഞ്ഞതെങ്കിലും ശാന്തസുന്ദരമെന്ന വാക്കുകൊണ്ടേ വിശേഷിപ്പിക്കാനാവൂ. അവരിരുവരും ആയുസ്സു മുഴുവൻ അമേരിക്കയിൽ സയൻറിസ്റ്റുകളായി ജോലിചെയ്തവർ. കുടിയേറിയ നാട്ടിലെ എല്ലാ നല്ലതും സ്വീകരിച്ചപ്പോഴും കേരളീയത കൈമോശം വരാതെ സൂക്ഷിക്കുന്നവർ. മാധവിക്കുട്ടിമുതൽ അഷ്ടമൂർത്തിവരെ എല്ലാരെയും വായിക്കുന്നു ലക്ഷ്മി ഇംഗ്ളീഷിൽ കവിതയെഴുതുന്നു, രാധാകൃഷ്ണൻ വള്ളത്തോളിനെയും ഉള്ളൂരിനെയും ഭൂമിയുടെ മറുപുറത്ത് ഉറക്കെ ആലപിക്കുന്നു.

ഇരുവരും കെഎച്ച്എൻഎ – കേരള ഹിന്ദൂസ് ഒഫ് നോർത്ത് അമേരിക്ക – എന്ന സംഘടനയുടെ പ്രവർത്തകരാണ്. അതിൻെറ കൺവെൻഷനിൽ പങ്കെടുക്കാനാണ് ഞാൻ ചെന്നിരിക്കുന്നത്. അതൊരു ഹിന്ദു സംഘടനയല്ലെ എന്നാണ് നാട്ടിൽ ചിലർ ഞാൻ പുറപ്പെടുന്നേരം പുരികം വളച്ചു ചോദിച്ചത്. നിങ്ങൾ ഇടതുപക്ഷക്കാരനൊ അതൊ ഹിന്ദുവൊ എന്നും. വേദാന്തം പഠിച്ചവനാണ് ഹിന്ദു എങ്കിൽ അവന് ഇടതുപക്ഷക്കാരനേ ആകാനാവൂ എന്നും സ്വാമി വിവേകാനന്ദൻ എത്രത്തോളമാണൊ ഹിന്ദുവായിരുന്നത് അത്രത്തോളം ഹിന്ദുവാകാനാണ് ഞാൻ ശ്രമിക്കുന്നത് എന്നുമുള്ള മറുപടി ആരെയും തൃപ്തരാക്കി എന്നു തോന്നുന്നില്ല. ഈ കൺവെൻഷനുകളിൽ വിഭാഗീയതയുടെ സ്വാധീനത്തെ നല്ലൊരളവ് ചെറുക്കാൻ എനിക്കു കഴിഞ്ഞു എന്നാണ് എൻെറ വിശ്വാസം.

ഭൂമി മുഴുവൻ ഒരു വലിയ പൂന്തോപ്പാക്കി മാറ്റാൻ മനുഷ്യൻ മനസ്സുവെച്ചാൽ സാധിക്കും എന്ന് അമേരിക്കൻ നാട്ടിൻപുറം കണ്ടപ്പോൾ മനസ്സിലായി. വീടിന് മതിലുകൾ വേണ്ടെന്നും കാലാവസ്ഥ എത്ര കടുത്തതായാലും കാടും ചെടികളും വളർത്താമെന്നും അഴുക്കും കുഴപ്പവുമില്ലാതെ വഴികളും പരിസ്ഥിതിയും കാക്കാമെന്നും ബോദ്ധ്യപ്പെട്ടു. അപകടമൊ മറ്റെന്തെങ്കിലും ആവശ്യമൊ ഉണ്ടായാൽ രക്ഷാപ്രവർത്തനം ഉടനടി നടക്കാൻ എന്തു ചെയ്യാമെന്നു കണ്ടു. വഴി വിഴുപ്പാക്കുന്ന പരസ്യങ്ങൾ എന്ന വേണ്ടാതീനങ്ങളില്ലാതെ വില്പനസംസ്കാരം എങ്ങനെ പുലരുമെന്നതിന് മാതൃക കിട്ടി.

ഷിക്കാഗോ നഗരത്തിൽ സ്വാമി വിവേകാനന്ദൻ 1893–ലെ സർവമതസമ്മേളനത്തിൽ പ്രസംഗിച്ച ഹാൾ കാണാൻ സാധിച്ചു. അതു നോക്കിനടത്തുന്നവർ അതിൻെറ പഴമയും ലാളിത്യവും പ്രൗഢിയും കാത്തു സൂക്ഷിച്ചിരിക്കുന്നു. പ്രസംഗം കഴിഞ്ഞ് സ്വാമിജിയും ശ്രോതാക്കളും ഇതാ ഇപ്പോൾ ഇറങ്ങിപ്പോയേ ഉള്ളൂ എന്നു തോന്നും!

ടെക്സസിൽ കെഎച്ച്എൻഎയുടെ കൺവെൻഷനിൽ പങ്കെടുക്കുകയായിരുന്നു രണ്ടാം സന്ദർശനത്തിൻെറ ഔദ്യോഗിക ദൗത്യം. നാട്ടിൽനിന്നെത്തിയവർ നാലു നാൾ അവതരിപ്പിച്ച കേരളീയകലകളുടെ മഹോത്സവം. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ പ്രതിനിധികളും കുടുംബങ്ങളും അരങ്ങേറിയ സാംസ്കാരിക സായാഹ്നങ്ങൾ വേറെ. അർത്ഥപൂർണമായ ചർച്ചകളുമുണ്ടായി. ടി എൻ നായരായിരുന്നു കൺവെൻഷൻെറ സാരഥി. അന്ന് അദ്ദേഹത്തൻെറ സഹായിയായിരുന്ന സുരേന്ദ്രൻനായരാണ് ഇത്തവണ ഡെട്രോയിറ്റിൽ നടന്ന കൺവെൻഷന് ചുക്കാൻ പിടിച്ചത്. കൂത്ത്, കൂടിയാട്ടം, തെയ്യം, ഓട്ടംതുള്ളൽ, കർണാടകസംഗീതം, കഥകളി, തായമ്പക, നൃത്തം, നാടകം എന്നിങ്ങനെ വിവിധകലകളുടെ പൂരം. എല്ലാം നാട്ടിൽനിന്നെത്തിയ പ്രഗൽഭരുടെ വക. വേദികളിൽനിന്ന് വേദികളിലേക്കോടി തുടർച്ചയായി ഉറക്കമിളച്ചും നിർവഹണസന്ധികളിലെ സമ്മർദ്ദങ്ങളിൽ നീന്തിക്കളിച്ചും പരിക്ഷീണനായി നീരുകെട്ടി മുഖവും ചുവന്നു തുടുത്ത കണ്ണുകളിൽ നിറയെ നിദ്രയുടെ ബാക്കിപത്രവുമായി സുരേന്ദ്രൻനായർ, ഞങ്ങളെ യാത്രയാക്കുമ്പോൾ കൃതകൃത്യതയുടെ ചാരിതാർത്ഥ്യം മനക്കുളിരായി അദ്ദേഹത്തിൽ മുറ്റിനിന്നിരുന്നു.

കവി മധുസൂദനൻനായരും ചിദാനന്ദപുരിസ്വാമികളും സ്വാമി ബോധാനന്ദസരസ്വതിയും ഡോ ഗോപാലകൃഷ്നും മണ്ണടി ഹരിയും പ്രാസംഗികരായി വിവിധസെഷനുകളിൽ ഉണ്ടായി. കൺവെൻഷനു മുന്നോടിയായി, ഭാരതീയദർശനത്തിൻെറ സർഗാത്മകാവിഷ്കാരത്തിന് ജീവിതം ഉഴിഞ്ഞുവെച്ചവർക്കായി ഈരണ്ടാണ്ടു കൂടുമ്പോൾ കെഎച്ച്എൻഎ നൽകുന്ന ആർഷദർശനപുരസ്കാരം ആദ്യമായി ഈ വർഷം മഹാകവി അക്കിത്തത്തിനു സമർപ്പിച്ചിരുന്നു. രാധാകൃഷ്ണൻ നായർ ചെയർമാനായുള്ള സമിതിയാണ് അവാർഡുനിർണയത്തിന് ജൂറിയെ നിയമിച്ചതു മുതൽ തൃശ്ശൂരിൽ സാഹിത്യ അക്കാദമി ഹാളിൽ വെച്ചു നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അവാർഡുസമർപ്പണംവരെ എല്ലാം സംവിധാനം ചെയ്തവതരിപ്പിച്ചത്.

ഔദ്യോഗികഭാരം അവസാനിച്ചതിൽപ്പിന്നെ രാധാകൃഷ്ണൻ നായർ അമേരിക്കയിൽ താൻ അംഗമായ സംഘടനകൾക്കുവേണ്ടി നാട്ടിൽ സാംസ്കാരിസംഭവങ്ങൾ സംഘടിപ്പിക്കുന്നത് ഇത് ആദ്യമല്ല. രണ്ടു കൊല്ലം മുമ്പ് ലാന എന്ന സാഹിത്യക്കൂട്ടായ്മക്കായി മൂന്നു ദിവസങ്ങളിൽ കേരളത്തിൽ മൂന്നിടങ്ങളിലായി സാഹിത്യകലോത്സവങ്ങൾ നടത്തി. കേരളകലാമണ്ഡലവും സാഹിത്യഅക്കാദമിയും തുഞ്ചൻപറമ്പുമായിരുന്നു വേദികൾ. തീരൂരിലെ വേദിയിൽ വെച്ചാണ് കവിയും കഥാകൃത്തുമായ ഷാജൻ ആനിത്തോട്ടത്തെ ഞാൻ പരിചയപ്പെടുന്നത്. ഒരു മദ്ധ്യതിരുവിതാംകൂറുകാരൻെറ എല്ല തനിമയുമുള്ള ഷാജൻ, ഞങ്ങൾ

പിന്നീട് അമേരിക്കയിൽ ചെല്ലുമ്പോഴെല്ലാം സ്നേഹംകൊണ്ടും വിരുന്നൂട്ടുകൊണ്ടും വീർപ്പുമുട്ടിക്കുന്നു.

ഷിക്കാഗോയിൽ സ്ഥിരതാമസക്കാരായ രണ്ടു കുടുംബങ്ങളെപ്പറ്റിക്കൂടി പറയാതെ വയ്യ. സാമൂതിരിയും വള്ളുവക്കോനാതിരിയും നിത്യശത്രുക്കളായിരുന്നെങ്കിൽ ഉമയും രവിയും ഉത്തമദമ്പതികളാണ്! ഉമാരാജ സാമൂതിരികോവിലകത്തെയും രവിരാജ മങ്കടക്കോവിലകത്തെയും പ്രതികൾ. മാമാങ്കങ്ങളൊക്കെ കഴിഞ്ഞുപോയല്ലൊ. സ്തോത്രങ്ങളും യാത്രാവിവരണങ്ങളും എഴുതി ഉമ കുസൃതി കാട്ടുന്നു. രാജ്യം ഭരിച്ചവരുടെ പിൻമുറക്കാരനായ രവി ജോലിയിൽനിന്നു വിരമിച്ച് ആസ്പത്രികളിൽ വളണ്ടിയറായി ആതുരാശ്വാസനം നടത്തുന്നു. കോഴിക്കോട്ടായാലും അമേരിക്കയിലായാലും അവശതയും വേദനയും ആർക്കും ഒരുപോലെയാണല്ലൊ എന്ന് തെളിഞ്ഞു ചിരിക്കന്നു. നല്ല രാജാക്കൻമാർക്ക് ഭൂമിയിലെവിടെയുള്ളവരും പ്രിയ പ്രജകൾതന്നെ!

മഹാരാജാസിൽനിന്ന് മലയാളത്തിൽ ബിരുദാനന്തബിരുദമെടുത്ത വനജ ഡോ എം ലീലാവതിയുടെ ശിഷ്യയാണ്. ഷിക്കാഗൊ സർവകലാശാലയുടെ ലൈബ്രേറിയനായിരുന്ന് വിരമിച്ച അവർ മദിരാശി ഐഐടിയിലെ റാങ്ക് ഹോൾഡറായ സുകുമാരനെ വിവാഹം കഴിച്ചിരിക്കുന്നു. അന്യൂനമായ മലയാളശൈലി കൈവശമുള്ള വനജ എന്തെല്ലാമൊ എഴുതി ആരും കാണാതെ സൂക്ഷിച്ചു വെച്ചിട്ടില്ലെ എന്ന് ഞാൻ ബലമായി സംശയിക്കുന്നു. അവരത് ശക്തിയായി നിഷേധിക്കുന്തോറും എൻെറ സംശയം ബലപ്പെടുകയാണ്. കാലംകൊണ്ട് അറിയാം!

ഷിക്കാഗോവിൽനിന്ന് ഡെറ്റ്റോയിറ്റിലേക്ക് ആറു മണിക്കൂർ നീണ്ട കാർയാത്ര ഒരു പഠനയാത്രയായി. ഒരു നാട് എങ്ങനെ ആസൂത്രിതമായി വികസിപ്പിക്കാമെന്നും ആ വികസനം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനു പകരം എങ്ങനെ മെച്ചപ്പെടുത്തുമെന്നും നേരിൽ കാണുകയായിരുന്നു. സാമാന്യബുദ്ധിയേ പ്രാഥമികമായി ഇതിനു വേണ്ടൂ എന്നുകൂടി മനസ്സിലായി.

എന്തിനെല്ലാമാണ് സംരക്ഷ ആവശ്യം എന്ന് ഹാമിഷ് ഗ്രാമത്തിലൂടെ കടന്നുപോയപ്പോൾ തിരിച്ചറിഞ്ഞു. ഒരു ജനത അഞ്ഞൂറു കൊല്ലം മുമ്പത്തെ ലോകത്ത് ജീവിക്കാൻ മനഃപൂർവം തീരുമാനിച്ചിരിക്കുന്നു. വൈദ്യുതിയൊ അതുകൊണ്ടു പ്രവർത്തിക്കുന്ന ഉപകരണങ്ങളൊ മോട്ടോർ കാറുകളൊ പെട്രോൾ എഞ്ചിൻകൊണ്ടു പ്രവർത്തിക്കുന്ന സാമഗ്രികളൊ ആധുനിക മാദ്ധ്യമങ്ങളൊ അവർ ഉപയോഗിക്കുന്നില്ല. കൈത്തൊഴിലും പ്രാകൃതമെന്നു കരുതപ്പെടുന്ന കൃഷിരീതികളുമായി അവർ കഴിയുന്നു. കുതിരവണ്ടിയിൽ യാത്ര ചെയ്യുന്നു. പരമ്പരാഗത ചികിത്സാരീതികളെ മാത്രം ആശ്രയിക്കുന്നു. നാടിൻെറ ഭരണാധികാരം അവിടെ ഒന്നിലും കൈകടത്തുന്നില്ല. കോടതികളൊ പൊലീസ് സ്റ്റേഷനൊ സ്കൂളൊ കോളെജൊ ഇല്ല. തർക്കങ്ങൾ കാര്യമായി ഇല്ല, കുറ്റകൃത്യങ്ങൾ പൂജ്യം!

മൂന്ന് ശ്രീരാമകൃഷ്ണ കേന്ദ്രങ്ങളിൽ പോയി. ഷിക്കാഗോവിൽ വിവേകാനന്ദസ്വാമികൾ ഉണ്ടായിരുന്നേടത്ത് വിശാലമായ ഒരു കേന്ദ്രം സ്ഥിതി ചെയ്യുന്നു. സർക്കാറിൻെറ സഹായത്തോടെ പണിതതാണത്. ഞങ്ങളവിടെ ചെല്ലുമ്പോൾ ഒരു സ്വാമിജി സ്വാർത്ഥമോഹങ്ങളെ അതിജീവിക്കാനുള്ള വഴികളെപ്പറ്റി ലളിതമായി സംസാരിക്കുന്നു.

ഇല കൊഴിഞ്ഞാൽ കേൾക്കുന്ന ഇതേ നിശ്ശബ്ദതയാണ് മറ്റു രണ്ടിടങ്ങളിലും അനുഭവിച്ചത്. രണ്ടിടത്തും കാവൽക്കാരൊ സംരക്ഷകരൊ ഇല്ല. ഒന്ന് ശാരദാമാതാവിൻെറ പേരിലുള്ള ധ്യാനവേദി. ഒരു സർവമതകേന്ദ്രമാണ് രണ്ടാമത്തേത്. ആർക്കും കയറി ഇരുന്ന് ധ്യാനിക്കുകയൊ അവിടെയുള്ള ഗ്രന്ഥങ്ങൾ വായിക്കുകയൊ അവശ്യമുള്ളതെടുത്ത് അതിൻെറ വില ഒരു പെട്ടിയിൽ ഇടുകയൊ ആവാം. രണ്ടാമത്തെ കേന്ദ്രം ഒരു റിട്രീറ്റ് സെൻറർകൂടിയാണ്. അവിടെ

ചെന്ന് താമസിക്കാം, ഭക്ഷണം പാകം ചെയ്തൊ പുറത്തുനിന്നു കൊണ്ടുവന്നൊ കഴിക്കാം. വാടകയായി എന്തെങ്കിലും സംഭാവന ചെയ്തൊ ചെയ്യാതെയൊ സ്ഥലം വിടാം!

ബെറി പറിക്കാൻ പോയത് മറക്കാവതല്ല. തോട്ടത്തിൽ കടന്ന് ഇഷ്ടപ്പടി പറിച്ചു തിന്നാം, തോട്ടമുടമ തരുന്ന ബക്കറ്റിൽ ബെറി വേണ്ടുവോളം പറിക്കാം. ബക്കറ്റിലുള്ളത് തൂക്കി പണം വാങ്ങി നമ്മെ യാത്രയാക്കും, നന്ദിപൂർവം. ബെറിയും ആപ്പിളും മുന്തിരിയുമൊക്കെ ഇങ്ങനെ പറിച്ചെടുക്കുന്നത് ആളുകൾക്ക് മഹോത്സവങ്ങളാണ്.

ഇത്തവണത്തെ അമേരിക്കൻ യാത്രയുടെ ബാക്കിപത്രത്തിൽ ഒരിക്കലും മറക്കാനാവാത്ത രണ്ടു കാര്യങ്ങൾകൂടി ഉണ്ട്. എൻെറയും വീട്ടുകാരിയുടെയും ആതിഥേയരായ കുടുംബത്തിന് ഞങ്ങളുടെ വകയായി നാമമാത്രമെങ്കിലുമായ ഒരു സമ്മാനം കൊടുക്കണമെന്ന് ഞങ്ങൾ നിശ്ചയിച്ചു. എന്താണിഷ്ടമെന്നു ചോദിച്ച് അതു നൽകുകയാണ് അമേരിക്കയിലെ പതിവ് എന്നു മനസ്സിലായതിനാൽ ലക്ഷ്മിയോട് ഞങ്ങൾ ചോദിച്ചു. താനൊരു ഷോപ്പിലേക്ക് കൊണ്ടുപോകാമെന്നും അവിടെ എത്തിയാൽ പറയാമെന്നും ലക്ഷ്മി. അതൊരു ചെടിക്കടയായിരുന്നു. ചന്തമുള്ള രണ്ടു വൃക്ഷത്തൈകൾ ലക്ഷ്മി ചൂണ്ടിക്കാട്ടി. രണ്ടും വാങ്ങി തിരിച്ചെത്തിയപ്പോൾ ലക്ഷ്മിയും രാധാകൃഷ്ണനും ചേർന്ന് ഞങ്ങളെക്കൊണ്ടുതന്നെ ആ തൈകൾ അവരുടെ വീട്ടുമുറ്റത്ത് നടുവിച്ചു. ലക്ഷ്മി പറഞ്ഞു, ഇനി നിങ്ങളിവിടെ എന്നും ഉണ്ടാവും! കവിയായ ലക്ഷ്മിയെ മനസാ നമസ്കരിക്കെ കണ്ണു നിറഞ്ഞുപോയി.

രണ്ടാഴ്ചക്കാലമായി ഞങ്ങൾക്കുവേണ്ടി അവധിയിലായിരുന്ന ലക്ഷ്മിക്ക് അന്നു തിങ്കളാഴ്ച ഓഫ്ഫീസുള്ളതിനാൽ രാധാകൃഷ്ൻ തനിച്ചാണ് ഞങ്ങളെ യാത്രയാക്കാൻ ഷിക്കാഗൊ വിമാനത്താവളത്തിൽ വന്നത്. സെക്യൂരിറ്റിയുടെ കവാടത്തിൽ ഞങ്ങളെ പിരിഞ്ഞ് മാറിനിന്നു കൈ വീശുന്ന ആ അനിയൻെറ മുഖം മനസ്സിൽ നനവൂറാതെ ഓർക്കാൻ വയ്യ.

ഉവ്വ്, അമേരിക്കയിൽ എല്ലാമുണ്ട്, ഒന്നൊഴികെ – ഒരു സമന്വിതസമൂഹം. സ്വകാര്യത അന്യൂനം. പക്ഷേ, എല്ലാരും തനിച്ചാണ്, ആരുടെയും ഒരു കാര്യത്തിലും മറ്റാരും ഇടപെടില്ല. ചുമലിൽ തല ചായ്ച്ച് ഒന്നു വിതുമ്മാനൊ ഒരുമിച്ചൊന്നു ചിരിക്കാനൊ ആരുമില്ല. ബന്ധങ്ങളെല്ലാം ഔപചാരികം മാത്രം. എൻെറ സുഖസൗകര്യം നോക്കാതെ മറ്റൊരാളെ സഹായിക്കുന്നത് അവിടെ ആരുടെയും പെരുമാറ്റപ്പുസ്തകത്തിൽ ഇല്ല. ഒറ്റപ്പെട്ട മനുഷ്യൻ വല്ല വളർത്തുജന്തുവിലുമാണ് അഭയം കാണുന്നത്! കല്യാണത്തിനിടെ താലി കെട്ടാൻ മറന്നുപോയിരിക്കുന്നു. അഥവാ, ഉറങ്ങാൻ കള്ള് വേറെ കുടിക്കണം!